# വഞ്ചനാ മുന്നറയിപ്പ്!

വർഷങ്ങളായി കോർപ്പറേറ്റ് റിക്രൂട്ട്മെന്റ് തട്ടിപ്പുകൾ വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. ചില തട്ടിപ്പുകാർ നിരപരാധികളായ തൊഴിൽ അന്വേഷണക്കാരെ സമീപിക്കുകയും ഞങ്ങളുടെ ഗ്രൂപ്പ് കമ്പനികളിൽ ആദായകരമായ തൊഴിൽ ഓഫറുകൾ വാഗ്ദാനം ചെയ്യുകയും ചെയ്യുന്ന ഒരു പ്രവണത റിലയൻസ് ഇൻഡസ്ട്രീസ് ലിമിറ്റഡിലും, ഗ്രൂപ്പ് കമ്പനികളിലും ഞങ്ങൾ കണ്ടുവരുന്നു. ഒരു അപേക്ഷകന്റെ വിശ്വാസം നേടിക്കഴിഞ്ഞാൽ, ഈ തട്ടിപ്പുകാർ അവരോട് യഥാർത്ഥ നിയമനത്തിനോ അഭിമുഖത്തിനോ നിരവധി നിർബന്ധിത ആമുഖങ്ങൾ ഉദ്ധരിച്ചുകൊണ്ട്, ഒരു നിയുക്ത ബാങ്ക് അക്കൗണ്ടിലേക്ക് പേയ്മെന്റുകൾ നടത്താൻ ആവശ്യപ്പെടും.

- ഇത് പ്രവർത്തിക്കുന്ന രീതി - പ്രാരംഭ പേയ്മെന്റ് ഡിമാൻഡുകൾ പൊതുവെ ചെറിയ തുകകളായിരിക്കും. അതിനാൽ തൊഴിലന്വേഷകൻ ജാഗ്രത കാട്ടാതിരിക്കുകയും അത് വേഗത്തിൽ നൽകുകയും ചെയ്യും

- ഒരിക്കൽ പ്രതികരിച്ചുകഴിഞ്ഞാൽ, ഇന്റർവ്യൂവിനോ, അപ്പോയിന്റ്മെന്റിനോ നിശ്ചയിച്ചിരിക്കുന്ന തീയതി അടുക്കുന്നത് അനുസരിച്ച് തട്ടിപ്പുകാർ തുക പതുക്കെ വർധിപ്പിക്കാൻ തുടങ്ങും.
- **ഒരു പ്രാരംഭ സ്റ്റാർട്ട്-അപ്പ് കിറ്റ് നൽകാമെന്ന വാഗ്ദാനം നൽകിക്കൊണ്ട് വലിയ തുക ആവശ്യപ്പെടുന്ന** ട്രെൻഡുകളും ഉണ്ട്, ഉദാഹരണത്തിന് ഒരു ലാപ്ടോപ്പ് കമ്പ്യൂട്ടർ.
- പണത്തിനു പുറമെ, ഈ തട്ടിപ്പുകാർ അപേക്ഷ പ്രോസസ്സ് ചെയ്യുന്നതിന് **വ്യക്തിഗത വിവരങ്ങൾ** തേടുന്നതായും റിപ്പോർട്ടുണ്ട്. ഈ ഡാറ്റ പിന്നീട് വിപണിയിൽ വിൽക്കപ്പെടുന്നു.

**ഈ വഞ്ചനാ മുന്നറിയിപ്പിലൂടെ റിലയൻസ് ഇൻഡസ്ട്രീസ് ലിമിറ്റഡും ഗ്രൂപ്പ് കമ്പനികളും എല്ലാ തൊഴിലന്വേഷകരും ജാഗ്രത പാലിക്കണം എന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.**

**റിലയൻസ് ഇൻഡസ്ട്രീസ് ലിമിറ്റഡും, ഗ്രൂപ്പ് കമ്പനികളും:**

- തൊഴിൽ വാഗ്ദാനങ്ങളും അഭിമുഖങ്ങളും നൽകുന്നതിനോ പ്രാഥമിക സ്റ്റാർട്ടപ്പ് കിറ്റ് നൽകുന്നതിനോ, (ലാപ്ടോപ്പ്, യൂണിഫോം, സെക്യൂരിറ്റി ഡെപ്പോസിറ്റ് തുടങ്ങിയവ അല്ലെങ്കിൽ കോവിഡ് ടെസ്റ്റുകൾ നടത്തുന്നതിന്) ഒരു തൊഴിൽ അന്വേഷകനില്നിന്നും പണമോ നിക്ഷേപമോ ഈടാക്കാറില്ല.
- തൊഴിൽ വാഗ്ദാനങ്ങൾ നൽകാനോ ഏതെങ്കിലും തരത്തിലുള്ള ആനുകൂല്യങ്ങൾ നൽകാനും ഞങ്ങൾ ഏജന്റിനെയോ, അജൻസിയെയോ അഥവാ വ്യക്തിയെയോ നിയമിച്ചിട്ടില്ല.
- മാർക്ക്ഷീറ്റുകൾ, പാൻ കാർഡ്, ആധാർ കാർഡ്, സിവി തുടങ്ങിയ സ്വകാര്യ രേഖകൾ വാട്ട്സ്ആപ്പ് വഴിയോ ഓൺലൈൻ ഫോമുകൾ പൂരിപ്പിച്ചോ പങ്കിടാൻ ആവശ്യപ്പെടാറില്ല.
- Gmail, Yahoo, Hotmail, Outlook പോലുള്ള സ്വകാര്യ ഇമെയിൽ ഐഡികൾ ഉപയോഗിച്ച് ആശയവിനിമയം നടത്താറില്ല. തൊഴിലുമായി ബന്ധപ്പെട്ട എല്ലാ ഔദ്യോഗിക ആശയവിനിമയങ്ങളും "@ril.com, @jiobp.com" എന്ന് അവസാനിക്കുന്ന ഒരു ഇമെയിൽ വിലാസം ഉപയോഗിച്ചാണ് ചെയ്യുന്നത്.
- എസ്.എം. എസ്.-കൾ അയയ്ക്കേണ്ട ജോലികളൊന്നും നൽകുന്നില്ല.

ഏതു തൊഴിൽ അന്വേഷകനും തൻ്റെ സ്വന്തം ഉത്തരവാദിത്വത്തിൽ മാത്രം ഇങ്ങനെയുള്ള ഏജൻസി, എംപ്ലോയ്മെന്റ് പോർട്ടൽ അല്ലെങ്കിൽ വ്യക്തിയുമായി ഇടപെടാവു. റിലയൻസ് ഇന്ടസ്ട്രിസിനും, ഗ്രൂപ്പ് കമ്പനികളും ഈ പ്രക്രിയ വഴി ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കു ഉത്തരവാദിയല്ല.

ഒരു തൊഴിലന്വേഷകന് അവരുടെ ഓഫർ ലെറ്ററിന്റെ ആധികാരികത റിലയൻസ് ഇൻഡസ്ട്രീസ് ലിമിറ്റഡ്, റീട്ടെയിൽ അല്ലെങ്കിൽ ജിയോയുടെ ഔദ്യോഗിക വെബ്സൈറ്റ് വഴിയും പരിശോധിക്കാവുന്നതാണ്.

വ്യാജ എൻറോൾമെന്റുമായി ബന്ധപ്പെട്ട് എന്തെങ്കിലും സംശയാസ്പദമായ പ്രവർത്തനം ശ്രദ്ധയിൽപ്പെട്ടാൽ, ഞങ്ങളുടെ വഞ്ചന & ദുരാചാര അന്വേഷണങ്ങൾ മേധാവിക്ക് recruitment.fraud@ril.com. എന്ന ഇമെയിലിൽ ഉടൻ റിപ്പോർട്ട് ചെയ്യുക.